പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **476** — **22.03.2018** ൽ മറുപടിക്ക്

## കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എം.മുകേഷ്<br>ശ്രീ. ആർ.രാജേഷ് | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനത്തിനായി ഇന്റഗ്രേറ്റഡ് ടൈറ്റാനിയം കോംപ്ലക്സ് & ആരംഭിക്കുന്നതോടുകൂടി ഏതെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദത്തിനായാണ് പദ്ധതിയുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) ധാതുമണൽ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 11.01.2017 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർക്കോണിയം കാർബണേറ്റ്, പേർളിസെന്റ് പിഗ്മെന്റ് (Pearlescent pigment) എന്നിവ കരിമണലിൽ നിന്നും ഉത്പാദിപ്പിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്. ടൈറ്റാനിയം മിൽ പ്രോഡക്ട്സിന്റെ ഉൽപാദത്തിനായി കെ.എം.എം.എൽ - ലെ ടൈറ്റാനിയം സ്പോഞ്ചിന്റെ ഉൽപാദനവും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) മായി സഹകരിച്ച് മിനറൽ കോംപ്ലക്സ് സ്ഥാപിക്കാമെന്നാണ് കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുണ്ട്. ചവറയിലെ ചിറ്റൂർ പ്രദേശത്തെ 180 ഓളം ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുക വഴി വർദ്ധിച്ച വിറ്റുവരവും ലാഭവും തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (സി) കരിമണലിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുക വഴി വർദ്ധിച്ച വിറ്റുവരവും ലാഭവും തൊഴിലവസരങ്ങളും സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഒരു ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ പ്രസ്തുത വിവരങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ